യാഥാർഥ്യത്തിന്റെ ലോകത്ത് നിന്ന് ഭ്രമാത്മകതയുടെ ലോകത്തിലേക്കുള്ള സഞ്ചാരമാണ് ഏഴാംപക്കം. ഇവിടെ ഭീതിപ്പെടുത്തുന്ന ദുർദേവതകളില്ല. രഹസ്യങ്ങൾ പതിയിരിക്കുന്ന ഇരുണ്ട മച്ചുകളില്ല. അസാധാരണമായി ഒന്നുമില്ല. എന്നിട്ടും ഫാന്റസിയുടെ ഒരു മായികലോകം അവിടെ പിറക്കുന്നു.....പരദേവതയുടെ ബന്ധനത്താൽ കുതറി മാറാനാവാകാതെ എല്ലാം നഷ്ടപ്പെടുന്ന *ഞങ്ങൾ അടിമകളിലെ* ഗോപി, ബന്ധനങ്ങളൊന്നുമില്ലാത്തെ ലോകത്തുനിന്നും സ്വയം ബന്ധിതനായി കീഴ്പ്പെട്ട് എല്ലാം നേടുന്ന കുഞ്ഞിരാമൻ (*ഏഴാംപക്കം*), യുക്തിയുടെ എല്ലാ മതിൽക്കെട്ടും തകർത്തെറിഞ്ഞുകൊണ്ട് വന്നെത്തുന്ന ഈ കഥാപാത്രങ്ങൾ ദുസ്വപ്നങ്ങളുടെ ലോകത്തേക്ക് വായനക്കാരെ വലിച്ചുകൊണ്ടു പോകുന്നു.

*(ഡോ.സി.ഉണ്ണിക്കൃഷ്ണൻ - ഭ്രമാത്മകതയിലെ രതിസാരങ്ങൾ - ഗ്രന്ഥാലോകം - മാർച്ച് '09)*